# ആഗോളീകരണത്തിന്റെ വിളവെടുപ്പ്

**കുറച്ചുനാളായി** നാട്ടിൽ അവശ്യവസ്തുക്കളുടെ വിലനിലവാരം കുതിച്ചുയരുകയാണ്. അരിവില തന്നെ ഏതാണ്ട് ഇരട്ടിയിലെത്തിയിരിക്കുന്നു. പരിമിത വരുമാനക്കാരായ സാധാരണക്കാരുടെ കുടുംബ ബജറ്റ് ആകെ അട്ടിമറിഞ്ഞു. ഉൽപാദനത്തിൽ ഏറ്റം പിന്നണിയിലും ഉപഭോഗത്തിൽ ഏറ്റം മുന്നണിയിലും നിൽക്കുന്ന കേരളം പോലുള്ള ഒരു സംസ്ഥാനത്ത് അനിയന്ത്രിതമായ വിലക്കയറ്റം സൃഷ്ടിക്കുന്ന കെടുതി നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യത്തിലൊതുങ്ങുകയില്ല. സാമൂഹികമായ അസ്വസ്ഥതയായും അരാജകത്വമായും അത് അതിവേഗം വികസിക്കും. വിലക്കയറ്റത്തിന് സമാന്തരമായി പിടിച്ചുപറിയും കവർച്ചയും പെരുകിവരുന്നത് ശ്രദ്ധേയമാകുന്നു. സാധാരണക്കാരുടെ വരുമാനസ്ഥിതിക്കിണങ്ങുംവണ്ണം നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം സർക്കാറുകൾക്കുണ്ട്. വിലക്കയറ്റത്തിന്റെ കാരണം കേന്ദ്രത്തിന്റെ തെറ്റായ സാമ്പത്തിക നയങ്ങളാണെന്ന് സംസ്ഥാന ഗവൺമെന്റും അല്ല, സംസ്ഥാനത്തിന്റെ അനുചിതമായ നടപടികളാണെന്ന് കേന്ദ്ര ഗവൺമെന്റും പരസ്പരം ആക്ഷേപിക്കുകയാണ്. സംസ്ഥാന മന്ത്രിസഭക്കകത്തുതന്നെയും ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ രൂക്ഷമായ ഭിന്നിപ്പുള്ളതായി റിപ്പോർട്ടുണ്ട്. സാമാന്യ ജനങ്ങളെ സംരക്ഷിക്കുന്നതിൽ കേന്ദ്രവും സംസ്ഥാനവും ഒരുപോലെ പരാജയപ്പെടുന്നുവെന്നതാണ് സമൂഹത്തിനു മുമ്പിൽ തെളിയുന്ന യാഥാർഥ്യം.

ഉൽപാദനമാന്ദ്യം, പൂഴ്ത്തിവെപ്പ്, വിതരണരീതിയുടെ അസന്തുലിതത്വം എന്നീ കാരണങ്ങളാലാണ് വിലക്കയറ്റമുണ്ടാവുക. ചോദനക്കനുസൃതമായ ലഭ്യത ഇല്ലാതാകുമ്പോൾ ലഭ്യമായ വിഭവങ്ങൾക്ക് വ്യാപാരികൾ വില കൂട്ടും. ഉപഭോക്താക്കൾ കൂടിയ വിലയ്ക്ക് അത് വാങ്ങാൻ നിർബന്ധിതരാവുകയും ചെയ്യും. ഗവൺമെന്റുകൾ വിചാരിച്ചാലും എളുപ്പത്തിൽ പരിഹരിക്കാനാവാത്ത പ്രശ്നമാണിത്. ഉൽപാദനമാന്ദ്യം ഇന്ത്യയെയും ബാധിച്ചിട്ടുണ്ടെങ്കിലും അത് ഇപ്പോഴത്തെ വിലക്കയറ്റത്തെ അനിവാര്യമാക്കുന്ന പതനത്തിലെത്തിയിട്ടില്ല. ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലക്ഷക്കണക്കിൽ ടൺ ഭക്ഷ്യധാന്യം നാം കയറ്റിയയക്കുകയുണ്ടായി. നമ്മുടെ എഫ്.സി.ഐ ഗോഡൗണുകളിലും ധാരാളം ധാന്യങ്ങളുണ്ട്. താൽക്കാലികമായി അരി കയറ്റുമതി നിർത്തിവെച്ചിട്ടും വില കുറഞ്ഞിട്ടുമില്ല. അപ്പോൾ ഉൽപാദനകമ്മിയല്ല ഇപ്പോഴത്തെ വിലക്കയറ്റത്തിന്റെ യഥാർഥ കാരണം. അത് പൂഴ്ത്തിവെപ്പ്, പണപ്പെരുപ്പം, വിതരണ സമ്പ്രദായത്തിന്റെ അസന്തുലിതത്വം എന്നീ കാരണങ്ങളാലാകാനേ തരമുള്ളൂ. ഈ കാരണങ്ങളെല്ലാം മനുഷ്യർ മനഃപൂർവം നിർമിക്കുന്നതാണ്.

നിത്യോപയോഗ വസ്തുക്കളുടെ നിയന്ത്രണം കുത്തക മുതലാളിമാർ കൈവശപ്പെടുത്തിയിരിക്കുകയാണ്. ചില്ലറ വ്യാപാരമേഖല പിടിച്ചടക്കാൻ ഇറങ്ങിപ്പുറപ്പെട്ട റിലയൻസ് പോലുള്ള കുത്തക കമ്പനികൾ ഭൂമിക്കടിയിലൊരുക്കിയ ഹെക്ടറുകൾ വിസ്തീർണമുള്ള ശീതീകരിച്ച ഗോഡൗണുകളിൽ പച്ചക്കറികൾ പോലും ഏറെക്കാലം സൂക്ഷിക്കാൻ കഴിയുന്നതാണ്. ഉൽപന്നങ്ങൾ ഉൽപാദകരിൽനിന്ന് മുൻകൂട്ടി മൊത്തമായി ശേഖരിച്ച് സൂക്ഷിക്കുകയാണിവർ. അവധിക്കച്ചവടവും ഊഹക്കച്ചവടവും പണപ്പെരുപ്പവും പൊതുവിതരണ സമ്പ്രദായത്തിൽനിന്ന് മെല്ലെ മെല്ലെയുള്ള സർക്കാറിന്റെ പിൻമാറ്റവും ചേർന്ന് അതിന്റെ വില കൂട്ടിക്കൊണ്ടേയിരിക്കുന്നു. രാജ്യം സ്വീകരിച്ച ആഗോളീകരണ ഉദാരീകരണ സമ്പദ്ഘടനയുടെ ഫലമാണിത്. '90കളുടെ ആദ്യപാദത്തിൽ ഇന്ത്യ ഡബ്ല്യൂ.ടി.ഒയിൽ ഒപ്പുവെക്കുമ്പോൾ തന്നെ സാമാന്യ ജനങ്ങളുടെ സുരക്ഷിതത്വത്തിൽ താൽപര്യമുള്ള പാർട്ടികളും പത്രങ്ങളും വരാനിരിക്കുന്ന വിപത്തിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരുന്നു. സാമ്പത്തിക വികസനത്തിന്റെ സുരഭില സ്വപ്നങ്ങളുയർത്തിക്കാണിച്ചുകൊണ്ട് കേന്ദ്രസർക്കാർ അതൊക്കെ തള്ളിക്കളഞ്ഞു. അന്ന് നൽകപ്പെട്ട മുന്നറിയിപ്പുകൾ യാഥാർഥ്യമായി പുലർന്നുകൊണ്ടിരിക്കുകയാണിപ്പോൾ. അതേ, മുതലാളിത്ത ആഗോളവത്കരണത്തിന്റെ വിള കൊയ്യുകയാണ് നാം. ഈ വിലക്കയറ്റം ഒരു താൽക്കാലിക പ്രതിഭാസമല്ല. രാജ്യം നേരിടുന്ന സാമ്പത്തിക വളർച്ചക്ക് ബഹുജനങ്ങൾ നിരന്തരം കൊടുത്തുകൊണ്ടിരിക്കേണ്ട വിലയാണത്.

ആഗോളവത്കരണത്തിന്റെ വക്താക്കൾ വാഗ്ദാനം ചെയ്ത വളർച്ച പാഴ്സ്വപ്നമൊന്നുമായിരുന്നില്ല. *ഫോർബ്സ്* മാസികയുടെ കണക്കനുസരിച്ച് 2006-ൽ ലോകത്തിലെ ശതകോടീശ്വരന്മാരിൽ 25 പേർ ഇന്ത്യക്കാരാണ്. 2007-ൽ അവരുടെ സംഖ്യ 48 ആയി വർധിച്ചു. ഇവരിൽ പത്തു കോടീശ്വരന്മാരുടെ മൊത്തം ആസ്തി 6,12,055 കോടി രൂപയാണ്. 2006-ൽ നാൽപത് വൻകിട മുതലാളിമാരുടെ മൊത്തം ആസ്തി 680000 കോടി രൂപയായിരുന്നത് 2007-ൽ 14,40,000 കോടിയായി വളർന്നു. നമുക്ക് സാമ്പത്തിക വളർച്ചയുണ്ടായില്ലെന്ന് ആർക്ക് പറയാനൊക്കും! പ്രശ്നം അതല്ല. നാം എട്ടു ശതമാനം സാമ്പത്തിക വളർച്ച കൈവരിച്ചുവെന്ന് കേന്ദ്ര ഗവൺമെന്റ് സാഭിമാനം ഘോഷിക്കുമ്പോൾ ജനസംഖ്യയുടെ 76 ശതമാനവും 20 രൂപയോ അതിൽ താഴെയോ മാത്രം നിത്യവരുമാനമുള്ളവരാണെന്ന് സർക്കാറിന്റെ ഇക്കണോമിക് സർവേ തന്നെ ചൂണ്ടിക്കാണിക്കുന്നു. കൊട്ടിഘോഷിക്കപ്പെടുന്ന സാമ്പത്തിക വളർച്ചയുടെ ഗുണഭോക്താക്കൾ ജനസംഖ്യയുടെ 24 ശതമാനം മാത്രമാണെന്നർഥം. വ്യാപാര വ്യവസായ സ്ഥാപനങ്ങളും ബാങ്കുകളും ഓഹരി വിപണിയും മാധ്യമങ്ങളുമെല്ലാം ഈ 24 ശതമാനത്തിന്റെ കൈകളിലാണ്. സാമ്പത്തിക വളർച്ചക്ക് വേഗം കൂടുന്നതനുസരിച്ച് ഈ 24 ശതമാനത്തിൽ ശതകോടീശ്വരന്മാരുടെ എണ്ണം ഇനിയും വർധിക്കും. അരിക്കും പയറിനും നാം കൊടുക്കുന്ന അധിക വിലകൾ പാഴാകുന്നില്ല. എല്ലാം കോടീശ്വരന്മാരുടെ കീശയിൽ ചെന്നെത്തുന്നുണ്ട്; അങ്ങനെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാ ഗ്രാഫ് മേലോട്ടുയർത്തുന്നുണ്ട്. നമ്മെ ഭരിക്കുന്നത് കമ്പോളമാണ്. എന്നു വെച്ചാൽ കുത്തക വ്യാപാരികൾ. രാഹുൽ ബജാജ് അക്കാര്യം ഈയിടെ തുറന്നു പറയുകയുണ്ടായി. ഇരുമ്പിന്റെയും സിമന്റിന്റെയും വില വർധനവ് നിയന്ത്രിക്കാൻ വ്യവസായികൾ സ്വയം നടപടി സ്വീകരിക്കണമെന്ന് ധനമന്ത്രി പി. ചിദംബരം പാർലമെന്റിൽ നടത്തിയ പ്രസ്താവനക്ക് ബജാജ് നൽകിയ മറുപടി, ഉരുക്കിന്റെ വില കമ്പോളമാണ് നിശ്ചയിക്കേണ്ടതെന്നും അതിൽ സർക്കാർ ഇടപെടരുതെന്നുമാണ്. കച്ചോടം വേറെ, കച്ചേരി വേറെ!

ആഗോളവത്കൃത സമ്പദ്ഘടനയിൽ സാമാന്യ ജനങ്ങൾക്ക് മാത്രമല്ല വിലയില്ലാതാകുന്നത്. അവരുടെ സർക്കാറുകളും എടുക്കാത്ത നാണയങ്ങളായി മാറുകയാണ്. ഇതുതന്നെയാണോ നാം ആഗ്രഹിച്ച സാമ്പത്തിക വികസനം? അഥവാ നാം ആഗ്രഹിക്കുന്ന വികസനത്തിലേക്കുള്ള വഴി മുതലാളിത്ത ആഗോളീകരണത്തിന്റേതും ഉദാരീകരണത്തിന്റേതും തന്നെയാണോ? ഉത്തരവാദപ്പെട്ടവർ ഇനിയെങ്കിലും ഒരു പുനരാലോചനക്ക് തയാറാകണം. എങ്കിലേ ഇപ്പോഴത്തെ ദുരവസ്ഥക്ക് ഫലപ്രദമായ പരിഹാരം കാണാനാകൂ. ■